# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1318

13/12/2012 - ൽ
മറുപടിക്ക്

## പാചക വാതക ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിൽ ബി.പി.എൽ./എ.പി.എൽ വ്യത്യാസമില്ലാതെ 12 സിലിണ്ടറുകൾ ഒരു വർഷം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ എണ്ണത്തിൽ കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ ഒരു വർഷത്തിൽ ഒൻപത് സിലിണ്ടറുകളിൽ കൂടുതൽ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വീട്ടിൽ ഒരു കണക്ഷൻ മാത്രം നിലനിർത്തിക്കൊണ്ട് കഴിഞ്ഞ വർഷം വാങ്ങിയ അത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചു കൊണ്ടുള്ള 27.10.2012 ലെ നം.271/12/ ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് നിലവിൽ ഗ്യാസ് കണക്ഷൻ അനുവദിച്ചു നൽകുന്നത്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നയമായ സബ്സിഡി വെട്ടി കുറയ്ക്കലും പാചകവാതക സിലിണ്ടർ പരിമിതപ്പെടുത്തലുമാണോ സർക്കാരും പിൻതുടരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പാചക വാതക സിലിണ്ടർ സബ്സിഡി സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (സി) | ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | എ പിരിവിന് നൽകിയിരിക്കുന്ന ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ